വാരാന്ത്യപതിപ്പ് ലക്കം - 72 |OCTOBER 2 - OCT 8

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## എൻ.എസ്.എസ് വാർത്തകൾ

ലോക ടൂറിസം ദിനം
പേജ് 1

ലഹരി വിരുദ്ധ പ്രചാരണം
പേജ് 2

ലോക മൃഗക്ഷേമ ദിനം
പേജ് 2

ഗാന്ധി ജയന്തി
പേജ് 2

ഇന്ത്യൻ എയർഫോഴ്സ് ഡേ
പേജ് 3

പാലിയേറ്റീവ് ഹാം കെയർ
പേജ് 3

ലൈബ്രറി വർക്ക്
പേജ് 4

അഗ്വഞ്ചർ
പേജ് 4

പൊതിച്ചോർ വിതരണം
പേജ് 4

ഗാർഡൻ വർക്ക്
പേജ് 5

അക്ഷരാഗ്നി
പേജ് 5

ചോദ്യം ഉത്തരം
പേജ് 6

ചിന്താവിഷയം




## സോഷ്യോപോഡ്സ്

# എൻ.എസ്.എസ്. വാർത്തകൾ

## സോഷ്യോപോഡ്സ്

"ബി യുണിക് ബി യൂ"എന്ന വിഷയത്തിൽ സെന്റ് തോമസ് കോളേജ് ഓട്ടോണോമസ് തൃശ്ശൂരിലെ എൻ എസ് എസ് യൂണിറ്റുകളായ **42&144** ചേർന്നു സോഷ്യോപോഡ്സിന്റെ എഴുപത്തിയെഴാം എപ്പിസോഡ് ഒക്ടോബർ മൂന്നിന് തിങ്കളാഴ്ച്ച പുറത്തിറക്കി. ഒരോ വ്യക്തികൾക്കും പല അളവുകളിലും മേഖലകളിലും ആണ് കഴിവ് ഉള്ളത് അപ്പോൾ ഒരു വ്യക്തിയുടെ കഴിവിന്റെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ മറ്റുള്ളവരെ അളക്കുന്നതും വിലയിരുത്തുന്നതും ശരിയാല്ലയെന്ന് ഈ വിഷയം നമ്മെ ബോധിപ്പിക്കുന്നത്.നമ്മൾ നമ്മളെ തന്നെ മാറ്റണം യൂണികായ ഒരു ലോകം സൃഷ്ടിക്കാൻ ഉള്ള ബാധ്യത നമുക്ക് ഓരോരുത്തർക്കുമാണ് ഉള്ളത് എന്ന് വളന്റിയർ തോമസ് സംസാരിച്ചു.ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.

## ലഹരി വിരുദ്ധ പ്രചാരണം

ഒക്ടോബർ ആറ് വ്യാഴാഴ്ച പ്രോഗ്രാം ഓഫീസർമാരായ പ്രൊഫ.രഞ്ജിത്ത് വർഗീസ്, ഡോ. വിമല കെ ജോൺ എന്നിവരുടെ നേതൃത്വത്തിൽ തൃശ്ശൂർ കേരളവർമ്മ കോളേജ് ക്യാമ്പസിൽ "കലാലയങ്ങൾ ലഹരി വിരുദ്ധ പ്രചാരണത്തിലേക്ക്" എന്ന പരിപാടിയിൽ ഇരുപതോളം എൻഎസ്എസ് വളന്റിയേഴ്സ് പങ്കെടുത്തു. കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ ഓൺലൈനായി പരിപാടി ഉദ്ഘാടനം ചെയ്തു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി മന്ത്രി ഡോ.ആർ. ബിന്ദു വിമുക്ത സന്ദേശവും പദ്ധതികളുടെ പ്രഖ്യാപനവും നടത്തി. പത്തോളം എൻഎസ്എസ് വളന്റിയേഴ്സ് ചേർന്ന് ഫ്ലാഷ്മോബ് സംഘടിപ്പിച്ചു. പിന്നീട് ഈ പരിപാടിയോടനുബന്ധിച്ച് നടന്ന കൂട്ടയോട്ടത്തിൽ പങ്കെടുക്കുകയും ചെയ്തു.






# ലോക മൃഗക്ഷേമ ദിനം

ഒക്ടോബർ നാലാം തിയ്യതി ലോക മൃഗക്ഷേമ ദിനം ആചരിച്ചു. ലോകമെമ്പാടുമുള്ള മൃഗങ്ങളുടെ ക്ഷേമ നിലവാരം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനാണ് ഇത് ആചരിക്കുന്നത്. ലോകത്തെ എല്ലാ മൃഗങ്ങൾക്കും മികച്ച സ്ഥലമാക്കി മാറ്റാൻ ആഗോള രാജ്യങ്ങളെ പ്രേരിപ്പിക്കുന്ന ഒരു മൃഗക്ഷേമ പ്രസ്ഥാനമാണ് ലോക മൃഗ ദിനാചരണം. ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.

## ഇന്ത്യൻ എയർഫോഴ്സ് ഡേ

എൻ എസ് എസ് ഒക്ടോബർ എട്ടാം തിയ്യതി ശനിയാഴ്ച ഇന്ത്യൻ എയർഫോഴ്സ് ഡേ ആചരിച്ചു.ഇന്ത്യന് വ്യോമസേനയക്ക് കൃതജ്ഞത അർപ്പിക്കുകയും സമാദാനപരമായ ഒരു രാജ്യത്തിനായി അവർ നല്കിയ സംഭാവനകളെ അംഗീകരിക്കുകയും ചെയ്യുകയാണ് ഈ ദിനം കൊണ്ട് ലക്ഷ്യമിടുന്നത്.ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.

## ഗാന്ധി ജയന്തി

എൻ എസ് എസ് ഒക്ടോബർ രണ്ട് ഞായറാഴ്ച ഗാന്ധി ജയന്തി ആചരിച്ചു.മോഹൻദാസ് കരംചന്ദ് ഗാന്ധിയുടെ ജന്മവാർഷികത്തോട്നു ബന്ധിച്ചാണ് രാജ്യം ഗാന്ധിജയന്തി ആചരിക്കുകയാണ്. ഐക്യരാഷ്ട്രസഭ ഇതേ ദിവസം അന്താരാഷ്ട്ര അഹിംസാദിനമായി ആചരിക്കുന്നുമുണ്ട്. ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.






# പാലിയേറ്റീവ് ഹോം കെയർ

വേൾഡ് പാലിയേറ്റീവ് കെയർ ദിനത്തിന്റെ ഭാഗമായി തൃശൂർ അയ്യന്തോൾ ആൽഫാ പാലിയേറ്റീവ് കെയർ സെന്ററും സെന്റ് തോമസ് കോളേജിലെ എൻ എസ് എസ് യൂണിറ്റിലെ വളന്റിയേഴ്സും ചേർന്ന് ഒക്ടോബർ എട്ട് ശനിയാഴ്ച ഹോം കെയർ നടത്തി. ഏഴോളം വളന്റിയേഴ്സ് വിവിധ വീടുകൾ സന്ദർശിച്ച് രോഗികൾക്ക് വേണ്ടുന്ന സഹായങ്ങൾ ചെയ്തു കൊടുക്കുകയും അവരുടെ ഒപ്പം സമയം ചെലവഴിക്കുകയും ചെയ്തു.










# ലൈബ്രറി വർക്ക്

തിങ്കൾ,ചൊവ്വ,ബുധൻ ദിവസങ്ങളിൽ സെന്റ് തോമസ് കോളേജ് തൃശ്ശൂരിൽ ലൈബ്രറി വർക്ക് സംഘടിപ്പിച്ചു. രാവിലെ  മുതൽ വൈകീട്ട്  വരെ ആറോളം എൻ എസ് എസ് വളന്റിയർസ് പുസ്തകം അടക്കി വെക്കുന്നതിലും മറ്റും സജീവമായി പങ്കെടുത്തു.









# അഗ്വഞ്ചർ

അഗ്വഞ്ചർ എന്ന പേരിൽ തൃശ്ശൂർ സെന്റ് തോമസ് കോളേജിന്റെ പുതിയ ക്യാമ്പസിൽ ആരംഭിച്ച കൃഷി പുരോഗമിക്കുന്നു. തിങ്കൾ,ചൊവ്വ,വെള്ളി,ശനി ദിവസങ്ങളിൽ പ്രോഗ്രാം ഓഫീസേഴ്സായ പ്രൊഫ. രഞ്ജിത്ത് വർഗീസിന്റെയും ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ പത്ത് വളന്റിയേഴ്സ് കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. പരിപാടിയുടെ പോസ്റ്ററും നിർമ്മിച്ചു.










# പൊതിച്ചോർ വിതരണം

ഒക്ടോബർ എട്ട് ശനിയാഴ്ച്ച എൻ എസ് എസിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന പൊതിച്ചോർ വിതരണമായ സ്വാദ് നടത്തി. തേക്കിൻകാട് മൈതാനത്തും,ശക്തൻ സ്റ്റാൻഡിലുമുള്ള നിർദ്ധരരായ വൃദ്ധർക്ക് പൊതിച്ചോർ വിതരണം ചെയ്തു. പത്ത് വളന്റിയേഴ്സ് ചേർന്ന് മുപ്പതോളം പൊതിച്ചോറാണ് വിതരണം ചെയ്തത്.










# ഗാർഡൻ വർക്ക്

സെന്റ് തോമസ് കോളേജിൽ ഒക്ടോബർ മൂന്ന് നാല് തിയ്യതികളിലായി ഗാർഡൻ വർക്ക് നടത്തി. രാവിലെ എട്ട് മുതൽ ഉച്ചയ്ക്ക് പന്ത്രണ്ട് വരെ പത്ത് പന്ത്രണ്ടോളം വളന്റിയർസ് വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.

## അക്ഷരാഗ്നി

ജോയ്‌ലിൻ കെ ജെയ്സൺ

## ചോദ്യം ഉത്തരം

എന്താണ് ഒരു തുറന്ന എൻ എസ് എസ് യൂണിറ്റ് ?

--ഒരു കോളേജുമായോ ഇൻസ്റ്റിറ്റ്യൂട്ടുമായോ ബന്ധപ്പെടുത്താതെ പ്രവർത്തിക്കുന്ന ഒരു എൻ എസ് എസ് യൂണിറ്റ്.





## ചിന്താവിഷയം

എന്റെ വേദന കണ്ട് മറ്റുള്ളവർ ചിരിച്ചാലും എനിക്ക് കുഴപ്പമില്ല, പക്ഷേ എന്റെ ചിരി മറ്റൊരാളെയും വേദനിപ്പിക്കരുത്.

-- ചാർലി ചാപ്ലിൻ

@nss_stc_42_144